▌വി.പി മെഹബൂബ അനീസ് കുവൈത്ത്

# ചുണ്ടുകൾ കത്രിക്കപ്പെടുന്നവർ

عَنْ أَنس بن مَالِك قَالَ : سَمعْتُ رَسُولَ الله ﷺ يَقُولُ : رَأَيْتُ لَيْلَةَ أَسْرِي بِي رِجَالاً تُقرَضُ شِفَاهُهُمْ بِمَقَارِيضَ مِنْ نَارٍ ، فَقُلْتُ : مَنْ هَؤُلاءِ يَاجِبْرِيلُ ؟ فَقَالَ : خُطَبَاءُ أُمَّتِكَ الَّذِينَ يَأْمُرُونَ النَّاسَ بالْبِرِّ ، وَيَنْسَوْنَ أَنْفُسَهُمْ ، وَهُمْ يَتْلُونَ الْكِتَابَ أَفَلا يَعْقِلُونَ.

**അനസ്ബിൻ മാലികി(റ)ൽനിന്ന് നിവേദനം. റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: "ഇസ്റാഅ് രാവിൽ ഞാൻ ചില ആളുകളെ കണ്ടു. അവരുടെ ചുണ്ടുകളെ തീയാലുള്ള കത്രികകൾ വെട്ടിക്കൊണ്ടിരുന്നു. ഞാൻ ജിബ്‌രീലിനോടു ചോദിച്ചു: ഇവർ ആരാണ്? ജിബ്‌രീൽ പറഞ്ഞു: ഇവർ അങ്ങയുടെ സമുദായത്തിലെ പ്രസംഗകരാണ്. അവർ ജനങ്ങളോട് നന്മ കൽപ്പിക്കുകയും സ്വന്തത്തെ മറന്നു കളയുകയും ചെയ്തിരുന്നു. വേദഗ്രന്ഥങ്ങൾ അവർ പാരായണം ചെയ്യുന്നുണ്ട്. അവർ ചിന്തിക്കുന്നില്ലേ?"** (അഹ്മദ്)

**പ്രസംഗങ്ങൾക്കും** ഉപദേശങ്ങൾക്കും ഉദ്ബോധനങ്ങൾക്കും കുറവില്ലാത്ത വർത്തമാന കാലത്ത് വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതും നമ്മുടെ ജീവിതവുമായി നിരന്തരം തട്ടിച്ചു നോക്കേണ്ടതുമായ ഒരു നബി വചനമാണ് മേലുദ്ധരിച്ചത്. നന്മ കൽപ്പിക്കുക, തിന്മ വിരോധിക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയായി ഇസ്‌ലാം കൽപ്പിക്കുന്നതോടൊപ്പം വ്യക്തി സംസ്കരണത്തിനും, വാക്കും പ്രവൃത്തിയും വിരുദ്ധമാകാതിരിക്കാനും ഇസ്‌ലാം കർശനമായ നിർദേശങ്ങൾ നൽകുന്നുണ്ട്.

ജനങ്ങളോട് വാതോരാതെ നന്മ ഉപദേശിച്ചിട്ടും സ്വന്തം ജീവിതത്തിൽ അത് പുലർത്തുന്നില്ലെങ്കിൽ അത്തരക്കാരുടെ ചുണ്ടുകൾ തീ കൊണ്ടുള്ള കത്രികകൊണ്ട് കത്രിക്കപ്പെടുമെന്നാണ് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നത്.

നിങ്ങൾ ജനങ്ങളോട് നന്മ കൽപ്പിക്കുകയും സ്വന്തത്തെ മറന്നു കളയുകയുമാണോ എന്നും, പ്രവർത്തിക്കാത്തത് പറയുക എന്നത് അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടതാണെന്നും പരിശുദ്ധ ഖുർആൻ നമ്മെ ഓർമപ്പെടുത്തുന്നു.

ഒരാൾ ഇബ്നു അബ്ബാസി(റ)നോട് പറഞ്ഞു: "ഞാൻ നന്മ കൽപ്പിക്കാനും തിന്മ വിരോധിക്കാനും ആഗ്രഹിക്കുന്നു." അപ്പോൾ ഇബ്നു അബ്ബാസ് (റ) ചോദിച്ചു: "താങ്കൾ ആ സ്ഥാനത്തെത്തിയോ?" അദ്ദേഹം പറഞ്ഞു: "അപ്രകാരം ഞാൻ വിചാരിക്കുന്നു." അപ്പോൾ ഇബ്നു അബ്ബാസ്(റ): "ഖുർആനിലെ മൂന്ന് സൂക്തങ്ങളുടെ അടിസ്ഥാനത്തിൽ താങ്കൾ അവഹേളിക്കപ്പെടുന്നത് പേടിക്കുന്നില്ലെങ്കിൽ അങ്ങനെ ചെയ്യുക." അദ്ദേഹം ചോദിച്ചു: "ആ മൂന്ന് സൂക്തങ്ങൾ ഏതൊക്കെയാണ്?" ഇബ്നു അബ്ബാസ് (റ) പറഞ്ഞു: "നിങ്ങൾ ജനങ്ങളോട് നന്മ കൽപ്പിക്കുകയും നിങ്ങളുടെ സ്വന്തം ശരീരത്തെ വിസ്മരിക്കുകയും ചെയ്യുകയാണോ? – ഈ ആയത്ത് അനുസരിച്ച് പ്രവർത്തിച്ചുവോ?" അദ്ദേഹം പറഞ്ഞു: "ഇല്ല." "രണ്ടാമതായി, 'നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ എന്തിനു പറയുന്നു' എന്നതനുസരിച്ച് താങ്കൾ പ്രവർത്തിച്ചോ?" അദ്ദേഹം പറഞ്ഞു: "ഇല്ല." "മൂന്നാമതായി, ശുഐബ് നബി തന്റെ ജനതയോട് പറഞ്ഞതാണ്. 'ഏതൊരു ദുഷ്കൃത്യത്തിൽ നിന്നും ഞാൻ നിങ്ങളെ തടയുന്നുവോ, അത് ഞാൻ സ്വയം പ്രവർത്തിക്കുകയോ' എന്ന ആയത്ത് അനുസരിച്ച് പ്രവർത്തിച്ചുവോ?" അദ്ദേഹം പറഞ്ഞു: "ഇല്ല." ഇബ്നു അബ്ബാസ് പറഞ്ഞു: "എങ്കിൽ താങ്കൾ സ്വന്തത്തിൽ നിന്ന് തുടങ്ങുക."

മറ്റൊരു പ്രവാചക വചനം നോക്കൂ: "അന്ത്യനാളിൽ ഒരാളെ കൊണ്ടുവന്ന് നരകത്തിൽ എറിയും, അപ്പോൾ അവന്റെ കുടൽമാലകൾ അഗ്നിയിൽ വീഴും. എന്നിട്ട് കഴുത ചക്കിനു ചുറ്റും കറങ്ങുന്നത് പോലെ അവൻ കുടൽ മാലകൾക്ക് ചുറ്റും കറങ്ങിക്കൊണ്ടിരിക്കും. അപ്പോൾ നരകവാസികൾ അയാൾക്ക് ചുറ്റും ഒരുമിച്ചുകൂടി ചോദിക്കും: ഹേ, മനുഷ്യാ, നിന്റെ അവസ്ഥയെന്താണ്? നീ (ഭൂലോകത്ത് വെച്ച്) ഞങ്ങളോട് നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തവനല്ലോ! അവൻ പറഞ്ഞു: നന്മ കൽപ്പിച്ചിരുന്നുവെങ്കിലും ഞാൻ അത് ചെയ്തിരുന്നില്ല. തിന്മ വിരോധിച്ചിരുന്നുവെങ്കിലും ഞാൻ അത് ചെയ്തിരുന്നു!"

മറ്റൊരു സന്ദർഭത്തിൽ റസൂൽ (സ) പറഞ്ഞു: "ജനങ്ങൾക്കു നന്മ പഠിപ്പിച്ചുകൊടുക്കുകയും സ്വന്തം ജീവിതത്തിൽ അത് പ്രവർത്തിക്കുകയും ചെയ്യാത്ത പണ്ഡിതൻ കത്തുന്ന തിരി പോലെയാണ്, അവ ജനങ്ങൾക്കു പ്രകാശം നൽകുകയും സ്വയം നാശമടയുകയും ചെയ്യുന്നു."

സമൂഹ സംസ്കരണത്തിനു മുമ്പ് സ്വന്തത്തെ സംസ്ക്കരിക്കാനുള്ള അലി (റ)യുടെ ഉപദേശവും ശ്രദ്ധേയമാണ്. ജനങ്ങളോട് നന്മ കൽപ്പിക്കുമ്പോൾ ആ നന്മകൾ ഒരുപടി മുന്നിൽ നിന്ന് കൊണ്ട് സ്വന്തം ജീവിതത്തിൽ സമ്പൂർണമായി പുലർത്താനും, വിരോധിക്കുന്ന തിന്മകൾ ജീവിതത്തിൽ നിന്ന് പൂർണമായി ഇല്ലായ്മ ചെയ്യാനും ഗൗരവമായി നിഷ്കർഷിക്കേണ്ടതുണ്ട്. ■